**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1689** **11-09-2023 - ൽ മറുപടിയ്ക്ക്**

**ജലയാനങ്ങളുടെ സുരക്ഷാ സംവിധാനങ്ങൾ പരിശോധിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി) | |
| (എ) | മാരി ടൈം ബോർഡ് രൂപീകരിച്ചതോടെ സംസ്ഥാനത്തെ ഉൾനാടൻ ജലഗതാഗത ബോട്ടുകളും യാനങ്ങളും രജിസ്റ്റർ ചെയ്യുന്നതിനും രജിസ്ട്രേഷൻ പുതുക്കുന്നതിനും കഴിയാതെ വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ; | (എ) | 2021 ലെ കേന്ദ്ര ഉൾനാടൻ ജലഗതാഗത നിയമം അനുസരിച്ച് ഉൾനാടൻ ജലയാനങ്ങളുടെ രജിസ്ട്രേഷനും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കുമായി കേരള മാരിടൈം ബോർഡിനെ ഇംപ്ലിമെന്റിംഗ് ഏജൻസി യായി നിയമിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരിക യാണ്. അതോടെ ഇപ്പോഴുള്ള തടസ്സങ്ങൾ പരിഹൃതമാകും. |
| (ബി) | സ്പെഷ്യൽ റൂൾസ് ഉണ്ടാക്കി പി.എസ്.സി. വഴി ഉദ്യോഗസ്ഥരെ നിയമിക്കാൻ കാലതാമസമെടുക്കുന്ന സാഹചര്യത്തിൽ പകരം സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | കരാർ അടിസ്ഥാനത്തിൽ സർവ്വേയർമാരെ നിയമിച്ച് കാലതാമസം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | അടിക്കടി ഉണ്ടാകുന്ന ജലയാനങ്ങളുടെ അപകടങ്ങളുടെ പശ്ചാത്തലത്തിൽ, സംസ്ഥാനത്തെ ജലാശയങ്ങളിലും കായലുകളിലും ഉൾനാടൻ ജലാശയങ്ങളിലും സർവ്വീസ് നടത്തുന്ന ടൂറിസ്റ്റ് ബോട്ടുകൾ, ശിക്കാറുകൾ, വഞ്ചി വീട് (ഹൗസ് ബോട്ട്), യാത്രാ ബോട്ടുകൾ, ജങ്കാറുകൾ എന്നിവയിലെ സുരക്ഷാ സംവിധാനങ്ങൾ പരിശോധിക്കുന്നതിനും യാത്രക്കാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനും എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ? | (സി) | കർശനമായ വ്യവസ്ഥകളോടെയാണ് യാനങ്ങൾക്ക് ലൈസൻസ് നൽകുന്നത്. ജലയാനങ്ങളിലെ അപകടങ്ങൾ ഒഴിവാക്കുന്നതിനായി സർവ്വേയർമാരുടെ നേതൃത്വത്തിൽ ആകസ്മിക പരിശോധനകൾ നടത്തി നിയമത്തിൽ അനുശാസിക്കുന്ന പിഴ ഈടാക്കുകയോ, മറ്റ് നടപടികളോ എടുത്തുവരുന്നുണ്ട്. നിലവിൽ ഉൾനാടൻ ജലയാനങ്ങൾക്ക് രജിസ്ട്രേഷൻ നൽകുന്ന സമയങ്ങളിൽ യാനത്തിലെ യാത്രകൾക്ക് തേർഡ് പാർട്ടി ഇൻഷ്വറൻസ് ഉണ്ടെന്ന് ഉറപ്പാക്കുന്നുണ്ട്. 2021 ലെ കേന്ദ്ര ഉൾനാടൻ ജലഗതാഗത നിയമം യാനത്തിലെ ജീവനക്കാർക്കും ഇൻഷ്വറൻസ് വേണമെന്ന് അനുശാസിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന മുറയ്ക്ക് യാത്രക്കാർക്കും ജീവനക്കാർക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ